## അനുബന്ധം - 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 3, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295 ഉപവകുപ്പ്.4, 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ, 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് മാന്വവൽ എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 31-03-2017 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-1 ൽ സൂചിപ്പിച്ചത് പോലെ വാർഷിക കണക്ക് അപാകതകൾ ഉള്ളതും 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ പാലിക്കാതെ തയ്യാറാക്കിയതുമാകയാൽ ആവശ്യമായ എല്ലാ വിവരങ്ങളും എനിക്ക് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കോർപ്പറേഷന് ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോയെന്നും ചെലവഴിച്ച തുക ശരിയായ ഉദ്ദേശ്യങ്ങൾക്ക് വേണ്ടിയാണോ വിനിയോഗിച്ചതെന്നും, ഈ വാർഷിക ധനകാര്യ പത്രിക കോഴിക്കോട് കോർപ്പറേഷന്റെ 2016-17 വർഷത്തെ വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്നോ ഉള്ള അഭിപ്രായം രേഖപ്പെടുത്തുവാൻ സാധ്യമല്ല.

Skumar

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്